# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 232** | **28/10/2019-ൽ മറുപടിക്ക്**

## നിപ ബാധയ്ക്കെതിരെയുള്ള മുൻകരുതലുകൾ

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.അൻവർ സാദത്ത്** | | **കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| **എ)** | 2018-ൽ സംസ്ഥാനത്തെ ആശങ്കയിലാക്കിയ നിപാ ബാധ, ഈ വർഷം വീണ്ടും ഉണ്ടായ സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | **എ)** | 2018-ൽ സംസ്ഥാനത്തുണ്ടായ 'നിപ' ബാധയെത്തുടർന്ന് പിന്നീട് ഈ രോഗം വരാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിച്ചിരുന്നു. ഡിസംബർ മുതൽ മെയ് മാസം വരെയുള്ള വാവലുകളുടെ പ്രജനനകാലത്ത് വേണ്ട ജാഗ്രത പുലർത്തുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. ആരോഗ്യജാഗ്രതാ കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി 'നിപ' വൈറസ് പ്രതിരോധ ബോധവത്കരണ പ്രവർത്തനങ്ങളും, ആശുപത്രികളിൽ അണുനശീകരണ പ്രവർത്തനങ്ങളും നടപ്പിലാക്കിയിരുന്നു.<br>2018-ലെ 'നിപ' വൈറസ് ബാധയുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ നിപരോഗം നിയന്ത്രണ വിധേയമാക്കുന്നതിന് വേണ്ട നടപടിക്രമങ്ങളെപ്പറ്റിയുള്ള പരിജ്ഞാനം ആരോഗ്യവകുപ്പിന് ഉണ്ടായിരുന്നതുകൊണ്ട് 2019-ൽ എറണാകുളം ജില്ലയിൽ 'നിപ' ബാധയുണ്ടായപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും ഒരാളിൽ മാത്രമായി രോഗം നിയന്ത്രിച്ചു നിർത്തുന്നതിനും മരണം ഒഴിവാക്കുന്നതിനും സാധിച്ചു |
| **ബി)** | നിപാ ബാധിതരുടെ രോഗ നിർണ്ണയം നടത്തുന്നതിനും ലാബ് പരിശോധനയ്ക്കും സംസ്ഥാനത്ത് നിലവിലുള്ള സംവിധാനം എന്താണ്; ഇത് പര്യാപ്തമാണോ എന്ന് വ്യക്തമാക്കുമോ; | **ബി)** | നിപാബാധിതരുടെ രോഗനിർണ്ണയം നടത്തുന്നതിനും ലാബ് പരിശോധനയ്ക്ക് സംസ്ഥാനത്ത് ICMR ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആലപ്പുഴയിൽ പ്രവർത്തിക്കുന്ന ഒരു യൂണിറ്റിൽ സംവിധാനമുണ്ട്. കൂടുതൽ വിശദമായി ടെസ്റ്റ് ചെയ്യുന്നതിനായി രോഗിയുടെ സാമ്പിളുകൾ NIV പൂനെയിലും MCVR മണിപ്പാലിലും അയച്ച് രോഗനിർണ്ണയം നടത്താനുള്ള സംവിധാനവും ചെയ്തിട്ടുണ്ട്. |
| **സി)** | പുതിയ രോഗങ്ങൾ കണ്ടെത്തുന്നതിന് സംസ്ഥാനത്ത് സുസജ്ജമായ | **സി)** | സംസ്ഥാനത്ത് Global Viral Network ന്റെ ഭാഗമായി തോന്നയ്ക്കൽ Life Science Park ൽ |

| | |
|---|---|
| വൈറോളജി ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ; | സ്ഥാപിക്കുന്ന Institute of Advanced Virology Lab ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |
| **ഡി)** 2018 ൽ നിപ വൈറസ് ആദ്യമായി സംസ്ഥാനത്ത് പടർന്ന് പിടിച്ച സാഹചര്യം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിരുന്നോ; പ്രസ്തുത പഠനത്തിലെ കണ്ടെത്തൽ എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ? | **ഡി)** ആരോഗ്യവകുപ്പ് സ്വന്തമായി ഇതു സംബന്ധിച്ച പഠനമൊന്നും നടത്തിയിട്ടില്ല. ICMR ആണ് പഠനങ്ങൾ നടത്തിയത്. |

**സെക്ഷൻ ഓഫീസർ**